LIBRARY ARCHIVES Kerala Legislative Assembly

മണ്ണാർക്കാട്നിന്നും അട്ടപ്പാടി പ്രദേശത്തേക്കുള്ള കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ ദേശസാൽക്കരിക്കാൻ നടപടി

128 [3533] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട്നിന്നും അട്ടപ്പാടി പ്രദേശത്തേക്ക് കെ. എസ്. ആർ. ടി. സി. എത്ര സർവ്വീസുകളാണ് ഇപ്പോൾ നടത്തിവരുന്നത്;

(ബി) പ്രസ്തുത സർവ്വീസുകൾ നിലവിൽ ലാഭകരമാണോ;

(സി) ലാഭകരമാണെങ്കിൽ പ്രസ്തുത റൂട്ട് ദേശസാൽക്കരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 7 സർവ്വീസുകൾ.

(ബി) ലാഭകരമല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കണ്ടംകുളങ്ങരയിൽ ബസ് സ്റ്റോപ്പ് അനുവദിക്കാൻ നടപടി

129 [3534] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അത്തോളി റൂട്ടിൽ ഓടിക്കൊണ്ടിരിക്കുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് എലത്തൂർ പഞ്ചായത്തിലെ കണ്ടംകുളങ്ങരയിൽ സ്റ്റോപ്പില്ലാത്ത കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് ജില്ലാ ഹോമിയോപ്പതി ആശുപത്രിയുടെ കെട്ടിടം ഈ സ്റ്റോപ്പിനടുത്തായിരിക്കുന്നുവെന്ന കാര്യം കണക്കിലെടുത്തും ധാരാളം യാത്രക്കാർ ഈ സ്റ്റോപ്പിൽ പ്രൈവറ്റ് ബസ്സുകളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം കണക്കിലെടുത്തും പ്രസ്തുത സ്റ്റോപ്പിൽ കെ. എസ്. ആർ. ടി. സി. ബസ്സുകൾ നിർത്തുവാൻ വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അന്വേഷിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.